# മാസ്റ്റർ പ്ലാൻ 2025 - 2026



# സുരഭി

## ഗവ. എൽ.പി.എസ് മണിമല

### സ്ഥാപിതം: 1912

# ഉള്ളടക്കം


1. പ്രൊഫൈൽ
2. ആമുഖം (മികവ്, പരിമിതി etc)
3. കാഴ്ച്ചപ്പാട്
4. ലക്ഷ്യങ്ങൾ
5. പ്രവർത്തനങ്ങൾ, ഒറ്റനോട്ടത്തിൽ
6. പദ്ധതിവിശകലനം
   (മേഖല, ഉപമേഖല, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, പിന്തുണ, കാലയളവ്, സാമ്പത്തികം, വിലയിരുത്തൽ)
7. പഠനബോധന രീതികളും വിലയിരുത്തലും
8. ഭാഷാപഠനം
9. ഗണിതപഠനം
10. ശാസ്ത്രസാമൂഹ്യശാസ്ത്രപഠനം (പരിസരപഠനം)
11. പൊതുവിജ്ഞാനം
12. കോർണർ പി.റ്റി.എ
13. ദിനാചരണങ്ങൾ
14. ജൈവ വൈവിധ്യ പാർക്ക്
15. ഭൗതിക സൗകര്യം ആസൂത്രണം
16. സർഗ്ഗശേഷി വികാസം
17. റെമഡിയൽ റ്റീച്ചിംഗ്
18. വിദ്യാലയാസൂത്രണം
19. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം
20. പ്രാദേശിക വിഭവങ്ങളുടെ വൈവിധ്യങ്ങളും
21. ടാലന്റ് ലാബ്
22. ബോധവൽക്കരണക്ലാസ്സ്
23. ജനപ്രതിനിധികളുടെ നേതൃത്വം വിദ്യാഭ്യാസ വികസനത്തിന്
24. മികവുത്സവം
25. ഉപസംഹാരം

| | |
|---|---|
| സ്കൂളിന്റെ പേര്, കോഡ് | : ഗവ. എൽ.പി.എസ്. മണിമല, 32420 |
| സ്ഥാപിതം | : 1912 |
| സബ് ജില്ല | : കറുകച്ചാൽ |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞിരപ്പള്ളി |
| ബ്ലോക്ക് | : വാഴൂർ |
| പഞ്ചായത്ത് | : വെള്ളാവൂർ |
| ജില്ല | : കോട്ടയം |
| സ്കൂൾ ടൈപ്പ് | : ഗവൺമെന്റ് |

# സ്റ്റാഫ്

| Name | Designation |
|---|---|
| Resmi K | Headmistress |
| Sindhu V | LPSA |
| Sheena PH | LPSA |
| Neethu Mohanan | LPSA |
| Deepa K | P.T.C.M |

# ആമുഖം

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ കോത്തലപ്പടിയിൽ മണിമല ഗവ.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. നാട്ടുകാരുടെ ഇടയിൽ ഈ സ്കൂൾ തലശ്ശേരി സ്കൂൾ എന്നറിയപ്പെടുന്നു. 1912ൽ സ്ഥാപിതമായ ഈ സ്കൂൾ ഇപ്പോൾ 113-ാം വയസ്സിൽ എത്തി നിൽക്കുന്നു. അന്ന് കുടിപള്ളിക്കൂടമായി തുടങ്ങിയ ഈ സ്കൂൾ ഈ പ്രദേശത്തെ ആദ്യത്തെ സ്കൂൾ ആണ്. മണിമല പ്രദേശത്തുള്ളവർ മുഴുവൻ പ്രാഥമിക വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് ഈ സ്കൂൾ ആയിരുന്നു. അന്ന് ഓരോ ക്ലാസിനും പല ഡിവിഷനുകൾ ഉണ്ടായിരുന്നു. കർഡിനാൾ പടിയറ പിതാവുൾപ്പെടെ പ്രഗത്ഭരും പ്രശസ്തരുമായ അനേകം വ്യക്തിത്വങ്ങൾ ഇവിടെ പഠിച്ച് ഉന്നത നിലകളിൽ എത്തിയിട്ടുണ്ട്.

ഇന്ന് ഈ സ്കൂളിൽ മറ്റ് ഗവൺമെന്റ് സ്കൂളുകളെപ്പോലെ കുട്ടികളുടെ കുറവനുഭവപ്പെടുന്നുണ്ട്. കാരണം ധാരാളം സ്കൂളുകൾ ഈ പ്രദേശത്ത് ഇപ്പോഴുണ്ട്. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ മാത്രമേയുള്ളൂ. പി.റ്റി.എയുടെ നേതൃത്വത്തിൽ 5 വർഷമായി പ്രി-പ്രൈമറി സ്കൂൾ പ്രവർത്തിച്ചുവരുന്നു. പ്രഥമാദ്ധ്യാപികയുൾപ്പെടെ 4 അദ്ധ്യാപകരും ഒരു പി.റ്റി.സി.എമ്മും ഒരു പാചകക്കാരിയും ഇവിടെ സേവനം അനുഷ്ഠിക്കുന്നു. അർപ്പണമനോഭാവവും ഉത്തരവാദിത്വബോധവും കൃത്യനിഷ്ഠയുമുള്ള അധ്യാപകരുടെ നിസ്വാർഥസേവനം ഈ സ്കൂളിനെ മികവുറ്റതാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു. മലയാളം മീഡിയം പുസ്തകങ്ങൾ പഠിപ്പിക്കുന്നതിന് പുറമേ ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും നൽകിവരുന്നു.

ഈ വർഷം കഴിഞ്ഞവർഷങ്ങളിലേതിനേക്കാൾ കുട്ടികൾ കൂടിയിട്ടുണ്ട് എന്ന വസ്തുത സന്തോഷാർഹമാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക

സമയം കണ്ടെത്തി ക്ലാസെടുക്കുകയും നിരന്തമായ പ്രോത്സാഹനത്തിലൂടെ അവരെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കാനും ഒരു പരിധി വരെ ഇവിടുത്തെ അദ്ധ്യാപകർക്കു കഴിഞ്ഞിട്ടുണ്ട്. ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു. സർഗവേളകളിൽ ഇംഗ്ലീഷ് പരിപാടികൾ നടത്തുന്നു. കലാകായികപ്രവൃത്തി പരിചയ പ്രവർത്തനങ്ങൾക്ക് അധ്യാപകർ പരിശീലനം നൽകി വരുന്നു. കലാകായിക പ്രവൃത്തി പരിചയ ശാസ്ത്രമേഖലകളിലും, ക്വിസ് മത്സരം, പ്രസംഗ മത്സരം, കഥ, കടങ്കഥ, പദ്യപാരായണം, ദേശഭക്തിഗാനം, ഗ്രൂപ്പ് ഡാൻസ് തുടങ്ങിയവയിൽ ഇവിടുത്തെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും വിജയികളാവുകയും, സമ്മാനാർഹരാവുകയും ചെയ്തു വരുന്നു. പ്രവേശനോത്സവം ദിനാചരണങ്ങൾ എന്നിവ പി.റ്റി.എ വാർഡുമെമ്പർ എന്നിവരുടെ നേതൃത്വത്തിൽ വളരെ വിപുലമായി നടത്തിവരുന്നു.

ഒരു കെട്ടിടം മാത്രമുള്ള ഈ സ്കൂളിന് പരിമിതികളേറെയാണ് എങ്കിലും വെള്ളാവൂർ ഗ്രാമപഞ്ചയത്തിന്റെ ഫണ്ടുകളുപയോഗിച്ച് ഇവിടുത്തെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടുവരുന്നു. സ്കൂൾ, ഹാൾ. വരാന്ത, സ്കൂളിലേക്കുള്ള വഴി എന്നിവ ടൈൽ ഇട്ട് തരുകയും സ്കൂളിന് ബലവത്തായ ഗേറ്റ് പണിതുതരുകയും ക്ലാസുകൾ തിരിക്കുന്നതിനാവശ്യമായ സ്ക്രീൻ തരികയും അതിലുപരി എല്ലാ സൗകര്യങ്ങളുമുള്ള ഒരു പാചക പുര പണിതുതരികയും ചെയ്ത വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഭാരവാഹികളേയും വാർഡുമെമ്പറേയും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

വിദ്യാലയ സംരക്ഷണ സമിതി രൂപീകരിച്ച് ആവശ്യമായ ചർച്ചകളും തീരുമാനങ്ങളും എടുക്കുകയുണ്ടായി. വാർഡ് മെമ്പറായ ജലജ മെമ്പർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അംഗം ശ്രീ. ശ്രീജിത്ത് സ്കൂളുമായി വളരെയധികം സഹകരിച്ചു പോകുന്ന വ്യക്തിയാണ്. സ്കൂളിലെ ഏത്

ആവശ്യങ്ങൾക്കും ഇവർ മുൻപന്തിയിൽ തന്നെ നിന്ന് ആവശ്യമായ സേവനങ്ങൾ ചെയ്തുവരുന്നു.

എസ്.എസ്.എയിൽ നിന്നു ലഭിക്കുന്ന ഫണ്ടുകളും സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വളരെയേറെ സഹായിക്കുന്നു. മികച്ച അക്കാദമിക നിലവാരം പോലെ തന്നെ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളും കുട്ടികളേയും രക്ഷിതാക്കളേയും ആകർഷിക്കുന്നതിൽ പ്രധാനഘടകമാണ്. ഡൈനിംഗ് ഹാൾ, കിഡ്സ് പാർക്ക്, ബാലവർക്ക്, സ്മാർട്ട് ക്ലാസ്സ് റൂം, കമ്പ്യൂട്ടറുകൾ സർക്കാർ അംഗീകൃത പ്രീ-പ്രൈമറി എന്നിവ ഈ സ്കൂളിന്റെ ചിരകാലാഭിലാഷമാണ്. കലാകായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ സേവനം ഈ സ്കൂളിന്റെ വളർച്ചക്ക് അനുപേക്ഷണീയമായ ഒരു ഘടകമാണ്.

ആത്മാർത്ഥതയും അർപ്പണമനോഭാവവുമുള്ള പി.റ്റി.എ, എം.പി.റ്റി.എ, എസ്.എം.സി, എസ്.എസ്.ജി പൂർവ്വ അധ്യാപിക വിദ്യാർത്ഥി സംഘടന, ക്ലബ്ബുകൾ, വായനശാല എന്നിവ ഈ സ്കൂളിന്റെ സർവോന്മുഖമായ വളർച്ചക്ക് മുഖ്യ പങ്ക് വഹിക്കുന്നു.

ഈ വർഷം സ്കൂൾ അറ്റകുറ്റപണികൾക്കായി 8 ലക്ഷം രൂപ വെള്ളാവൂർ പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

# കാഴ്ചപ്പാട്

എല്ലാവർക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരം ഉറപ്പു നൽകി കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുവാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കി, കുട്ടികളുടെ മാനസികം, ശാരീരിക വൈകാരിക ആരോഗ്യം ഉറപ്പാക്കി എല്ലാവർക്കും മികച്ച വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയും രക്ഷിതാവിന്റെ പ്രതീക്ഷ നിലനിർത്താൻ അധ്യാപകരുടെ ആത്മാർത്ഥമായ, പ്രവർത്തനം കാഴ്ച്ചവച്ചുകൊണ്ടും പൊതുജനങ്ങളാണ് പൊതുവിദ്യാഭ്യാസത്തെ നയിക്കുന്നത് എന്ന സത്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ ഓരോരുത്തർക്കും കഴിയണം. ഇതിനുവേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഒരു വിദ്യാലയത്തിന്റെ സമഗ്രവികസനത്തിനുള്ള ഒരു ചട്ടക്കൂടായി പ്രവർത്തിക്കാനുള്ള മാർഗ്ഗരേഖയാണ് മാസ്റ്റർ പ്ലാൻ. അക്കാദമിക ലക്ഷ്യങ്ങൾ മുൻഗണന കൾ വിഭവവിനിയോഗം പ്രവർത്തനപരിപാടി ഇവയെല്ലാം ചേർന്നതാണ്. സാങ്കേതിക വിദ്യയുടെ ഉപയോഗം വിദ്യാലയ അക്കാദമിക ആസൂത്രണം കുട്ടികൾക്ക് ലഭിക്കുന്ന സവിശേഷ അവസരങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ച് തീരുമാനമെടുത്ത് അക്കാദമിക പുരോഗതിയിലേക്കുള്ള പാത ചൂണ്ടിക്കാണിച്ച് ദൗത്യപൂർത്തീകരണത്തിന് തയ്യാറെടുക്കുകയാണ് ഓരോ വിദ്യാലയവും.

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുക.
2. കുട്ടികൾ നേടിയെടുത്ത അറിവും കഴിവും രക്ഷിതാക്കളെയും സമൂഹത്തേയും അറിയിക്കുക.
3. എല്ലാ കുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനബോധവും വിശകലനശേഷിയും ഉറപ്പാക്കുക.
4. എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങളിലും മികച്ച കഴിവുകൾ നേടുന്നതിനും പ്രയോഗിക്കുന്നതിനും പ്രാപ്തരാക്കുക.
5. ഭാഷവിഷയങ്ങൾ (ഇംഗ്ലീഷ്, മലയാളം) വിഷയങ്ങൾ അനായാസം വായിക്കാനും എഴുതുവാനും പ്രയോഗിക്കുവാനും പ്രാപ്തരാക്കുക.
6. മികച്ച ഭൗതികാന്തരീക്ഷം ഒരുക്കുക. ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.
7. കുട്ടികളുടെ സർഗപരവും അക്കാദമികവും കായികപരവുമായ കഴിവ് വളർത്തിയെടുത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുക.
8. രക്ഷിതാക്കളുടെ പ്രതീക്ഷയ്ക്കും ആഗ്രഹത്തിനുമനുസരിച്ച് അവരുടെ കുട്ടികളെ മികവിന്റെ പരമോന്നത മേഖലയിൽ ഓരോ കുട്ടിയേയും എത്തിക്കുക.
9. വിവിധ ദിനാചരണങ്ങൾ ഉചിതമായ പ്രചാരവും പ്രാധാന്യവും നൽകി അതാത് ദിവസം പ്രത്യേക അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
10. പഠന നിലവാര സ്കോർ പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം ക്ലാസ്സ് തലങ്ങളിൽ ക്രമീകരിക്കും.
11. ടാലന്റ് ലാബ് പ്രവർത്തനം ഊർജ്ജസ്വലമാക്കും.
12. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ.
13. ഐ.റ്റി വിദ്യാഭ്യാസത്തിന് മുൻഗണന.

# പ്രവർത്തനങ്ങൾ

1. ഭാഷാ വിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്ന പ്രവർത്തനം.
2. ഗണിത മധുരം ഗണിതത്തിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ.
3. പഠനോപകരണ നിർമ്മാണവും ശാസ്ത്രപഠനവും
4. പൊതുവിജ്ഞാനശേഷി വർദ്ധിപ്പിക്കൽ
5. ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ
6. ദിനാചരണങ്ങൾ
7. കൈയ്യെഴുത്ത് മാസികകൾ, പതിപ്പുകൾ, കലാവാസന പരിപോഷിപ്പിക്കൽ
8. റമഡിയൽ ടീച്ചിംഗ്
9. സ്മാർട്ട് ക്ലാസ്സ്റൂം
10. ഐ.സി.റ്റി സൗകര്യം
11. ജൈവവൈവിധ്യ ഉദ്യാനം
12. ഫർണ്ണിച്ചറുകൾ
13. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം
14. ജൈവകൃഷി
15. ഉച്ചഭക്ഷണമുറിയും അടുക്കളയും, മികച്ച ഭക്ഷണവും
16. പരിസര ശുചിത്വം
17. ഭവന സന്ദർശനം
18. ബോധവൽക്കരണ ക്ലാസ്സുകൾ
19. സർഗ്ഗോത്സവം
20. പൊതുവിജ്ഞാപനം
21. ടാലന്റ് ലാബ്
22. കായിക വിദ്യാഭ്യാസവും കളിസ്ഥലം

# മേഖല:- പഠനബോധനരീതികളും, വിലയിരുത്തലും

## ഭാഷാപഠനം :- വായന എഴുത്ത്

### ആമുഖം

വായന അറിവും ആവേശവും നൽകുന്ന പ്രക്രിയയാണ് നവലോകങ്ങൾ തേടിയുള്ള യാത്രയാണ് ഓരോ വായനയും പാഠപുസ്തകങ്ങൾക്കപ്പുറം കുട്ടികളുടെ വായനാതലം വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണ്.

### ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികളെയും വായനയിൽ താൽപര്യമുള്ളവരാക്കി മാറ്റുക. വായന ഒരു ശീലമാക്കിമാറ്റുക, വായനയിലൂടെ നേടിയ അറിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക.

### പ്രവർത്തനങ്ങൾ - നേട്ടങ്ങൾ

പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നു. തുടർന്ന് പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. അക്ഷരകാർഡ് നിർമ്മിക്കൽ അടയാളം ഉറപ്പിക്കൽ, മണലെഴുത്ത്, ചിത്രങ്ങൾ കാണിച്ച് കഥ പറയിക്കുന്നു, എഴുതിക്കുന്നു. സ്വന്തമായി കഥകളും കവിതകളും രചിക്കുന്നു.

ആശയപ്രകടനത്തിനുള്ള കഴിവ് കുട്ടിയ്ക്ക് ലഭിക്കുന്നു. വായന ഒരു ലഹരിയായി മാറി അക്ഷരങ്ങൾ പതിഞ്ഞ കടലാസ് തുണ്ട് പോലും കിട്ടിയാൽ അത് വായിച്ച് മനസ്സിലാക്കുന്നു. എന്തും എപ്പോഴും വായിക്കാനുള്ള അവസ്ഥയിലേക്ക് കുട്ടി എത്തുന്നു.

...

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | പ്രി-ടെസ്റ്റ് അക്ഷരമുറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ, അക്ഷര കാർഡുകൾ ഇവയെല്ലാം നൽകി വായിപ്പിക്കുന്നു. എഴുതിപ്പിക്കുന്നു. ചിത്രകഥകൾ വായിപ്പിക്കുന്നു. ചിത്രങ്ങൾ കാണിച്ച് കഥകൾ പറയിപ്പിക്കുന്നു. സ്വന്തമായി കഥകളും കവിതകളും പറയിപ്പിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. മലയാളത്തിളക്കങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. മണലെഴുത്ത് ശീലിപ്പിക്കുന്നു. | 6 മാസം | പുസ്തകങ്ങൾ, വായനാ കാർഡുകൾ, ചിത്രങ്ങൾ,ബാലമാസികകൾ, മണൽ | BRC IED | കുട്ടികൾ പി.ടി.എ |
| 2. | വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | അസംബ്ലിയിൽ മലയാള കഥ, കവിത, പത്ര വായന ഡയറിക്കുറിപ്പ് എന്നിവ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന വായനാമൂല ഒരുക്കുന്നു. തൊട്ടടുത്തുള്ള വായനാശാലയുമായി ചേർന്ന് ബാലസാഹിത്യ കൃതികൾ കുട്ടികൾക്ക് വായിക്കുവാൻ നൽകുന്നു. വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | | | | |
| | IEDകുട്ടികൾക്ക് പ്രത്യേക പരിശീലനം | പേരെഴുതുന്നതിനും വായിക്കുന്നതിനും ചെറുവാചകങ്ങളും വാക്യങ്ങളും എഴുതുന്നതിനും IED Tr ന്റെ സഹായത്തോടെ പ്രവർത്തനം നൽകുന്നു. | | ചാർട്ട് കാർഡ് പുസ്തകങ്ങൾ | | |

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 3 | എഴുത്ത് പരിപോഷിപ്പിക്കുന്നു | വായനാക്കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു. കുട്ടികൾ സ്വതന്ത്രമായി കഥകളും കവിതകളും രചിക്കുന്നു. ലഘുചിത്രങ്ങൾ നൽകി കഥകൾ രചിപ്പിക്കുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു. കയ്യെഴുത്തുമാസിക തയ്യാറാക്കുന്നു. | 10 മാസം | ബാല മാസിക ആനുകാലിക പ്രസിദ്ധീകരണം | വായനാശാല P.T.A | ഹെഡ്മിസ്ട്രസ്സ് | 15000 |
| 4. | സർഗാത്മക രചനയ്ക്ക് പരമാവധി അവസരങ്ങൾ നൽകുന്നു. കുട്ടികളെ ആത്മവിശ്വാസമുള്ളവരും സമൂഹപ്രതിബദ്ധതയുള്ളവരുമാക്കി വളർത്തിയെടുക്കുക. | ദിനാചരണങ്ങൾക്ക് പഠനത്തിൽ വലിയ സ്ഥാനമുണ്ട്. ഈ ദിനങ്ങളിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുവാനും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകുന്നു. അവ പരിശോധിച്ച് തിരുത്തലുകൾ നടത്തിക്കൊടുക്കുന്നു. | 6 മാസം | ബാലമാസിക, കഥാപുസ്തകം, രചനകൾ | P.T.A Trs | H.M Trs P.T.A | 1000 |

# ഭാഷാപഠനം : ഇംഗ്ലീഷ്

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആശയവിനിമയശേഷി കൂടുതൽ എളുപ്പമാക്കാനും കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനും വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകേണ്ടത് ആവശ്യമാണ്.

## ലക്ഷ്യം

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക. കുട്ടികൾക്ക് ഇംഗ്ലീഷിനോടുള്ള ഭയം മാറുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്കുള്ള പഠനാന്തരീക്ഷം ഒരുക്കുക. ഒരു ദിവസം തന്നെ വ്യത്യസ്തമായ ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുക. പൊതുവിദ്യാലയത്തിലെ കുട്ടികൾ പരസ്യമായി ഇംഗ്ലീഷിൽ പൊതുസമൂഹവുമായി സംബന്ധിക്കുന്നതിലൂടെ ഇംഗ്ലീഷ് പഠനത്തിന് പൊതുവിദ്യാലയം മതി എന്നു സമൂഹത്തെ ബോദ്ധ്യപ്പെടുക.

## നേട്ടങ്ങൾ

ഇംഗ്ലീഷ് ഭാഷാ സംസാരിക്കാനുള്ള ശ്രമം കുട്ടികളിൽ ഉണ്ടാകുന്നു. ഇംഗ്ലീഷ് ഡിക്ഷനറി എല്ലാ കുട്ടികളും കൈകാര്യം ചെയ്യുന്നു. ഇംഗ്ലീഷ് ഡേ ആചരിക്കാൻ കുട്ടികൾ താൽപര്യപ്പെടുന്നു. ചുറ്റുപാടുകളെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.<br>വായനാശേഷി വികസനം<br>സംഭാഷണശേഷി വികാസം<br>ചിത്രവായന<br>കേട്ടെഴുത്ത്<br>പകർത്ത്<br>വായനാക്കുറിപ്പ്<br>കഥ, കവിത അവതരണം<br>പ്രസംഗം<br>ഇംഗ്ലീഷ് പത്രവായന<br>അസംബ്ലി | അക്ഷരകാർഡ്, പദകാർഡ്, കേട്ടെഴുത്ത്, പകർത്തെഴുത്ത് എന്നിവയിലൂടെ വാക്കുകൾ പരിചയപ്പെടുന്നു. ഇംഗ്ലീഷ് പത്രങ്ങൾ, ഇംഗ്ലീഷ് മാസികകൾ എന്നിവ വായിക്കാൻ അവസരം നൽകുന്നു. സംഭാക്ഷണം ചെയ്യുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു. ചിത്രങ്ങൾ പ്രദർശിപ്പിച്ച് വാക്കുകളും വാചകങ്ങളും പറയിപ്പിക്കുന്നു. സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നു. മറ്റ് കുട്ടികളോടൊപ്പം ഇംഗ്ലീഷ് കളികൾ ചെയ്യുന്നു. പദപ്രശ്നം പൂരിപ്പിക്കൽ. ചുറ്റുപാടുമുള്ള ജീവികളെക്കുറിച്ചും രചനകൾ തയ്യാറാക്കുന്നു. മാസത്തിൽ ഒരിക്കൽ ഇംഗ്ലീഷ് ഡേയായി ആചരിക്കുന്നു. ഇംഗ്ലീഷിലുള്ള ഓഡിയോ വിഡിയോ ക്ലിപ്പുകൾ കാണിച്ച് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. | 10 മാസം | പുസ്തകങ്ങൾ, പത്രങ്ങൾ, കാർഡുകൾ, സി.ഡികൾ, ലാപ്ടോപ്..... | B.R.C<br>P.T.A<br>I.E.D<br>Trs<br>കുട്ടികൾ<br>ഇതര ഇംഗ്ലീഷ് Trs | H.M<br>Trs | 18000 |

| Si No | ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | ചുമതല | പ്രതീക്ഷി ക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | ഇംഗ്ലീഷിനോടുള്ള ഭയം അകറ്റാം | ദിവസവും സ്ക്കൂളിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതിക്കുന്നു. | 1 വർഷം | പുസ്തകം കാർഡ് ചാർട്ട് ആനുകാലിക പ്രസിദ്ധികരണങ്ങൾ | കുട്ടികൾ ടീച്ചേഴ്സ് പിടിഎ | 10000 |
| | വാർത്തകൾ അവതരിപ്പിക്കാനുളള കഴിവ് നേടുന്നു. | ടി.വി.ന്യൂസ്, പത്രവാർത്ത എന്നിവ കേട്ടിട്ട് ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | " | | | |
| | സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നു | ഇംഗ്ലീഷ് രചനകൾ നടത്തുന്നു. പാഠപുസ്തകമായി ബന്ധപ്പെട്ട് നാടകരചനകൾ നടത്തുന്നു. അവതരിപ്പിക്കുന്നു. | " | | | |
| | സഭാകമ്പം ഇല്ലാതാക്കൽ ഉച്ചാരണശുദ്ധി എന്നിവ നേടുന്നു. | സ്ക്രിപ്റ്റ്, പ്രസംഗം, കവിത, കഥ ഇവ അവതരിപ്പിക്കുവാനുള്ള അവസരമൊരുക്കുന്നു. | " | | | |

## ഹിന്ദി

ഹിന്ദി ഭാഷ അനായാസം എഴുതുന്നതിനും വായിക്കുന്നതിനും സംസാരിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകി കുട്ടികളെ പ്രാപ്തരാക്കുകയും വിവിധ അവസരങ്ങളിൽ അവ പ്രകടിപ്പിക്കുന്നതിനും വേണ്ടിയുള്ള അവസരം നൽകുന്നു.

**വിലയിരുത്തൽ**

ടിച്ചേഴ്സ്, പി.ടി.എ, കുട്ടികൾ

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | വായനാ എഴുത്ത് ഡിക്ഷ്നറി, കേട്ടെഴുത്ത്, പകർത്ത് | ഹിന്ദി വായിക്കുന്നതിനുവേണ്ടിയുള്ള വായനാക്കാർഡുകൾ, ചിത്രങ്ങൾ, ബാലമാസികകൾ എന്നിവ നൽകുന്നു. ക്ലാസ്സിൽ ഉറക്കെ വായിപ്പിക്കുന്നു. കേട്ടെഴുത്ത് നടത്തുന്നു. അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ നിർമ്മിക്കുന്നു. പദപ്രശ്നം പൂർത്തിയാക്കുന്നു. ഡിക്ഷ്നറി നിർമ്മിക്കുന്നു. സംഭാഷണം തയ്യാറാക്കുന്നു. സ്പീച്ച് അവതരിപ്പിക്കുന്നു. നാടകം തയ്യാറാക്കുന്നു. | 3 വർഷം | പുസ്തകങ്ങൾ, മാസികകൾ, ചാർട്ട്, കാർഡുകൾ | B.R.C<br>P.T.A<br>LED<br>Trs | 15000 |

## മേഖല : 2

## ഉപമേഖല : ഗണിതം

### ആമുഖം

ക്ലാസ്സ് മുറിയിലെ അനുഭവങ്ങൾ ഉൾപ്പെടുത്തി ഗണിതത്തോടുള്ള അകൽച്ച കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകി അടിസ്ഥാന ശേഷികളും മറ്റ് നൈപുണ്യങ്ങളും നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർനങ്ങൾ ഒരുക്കുന്നു.

### ലക്ഷ്യങ്ങൾ

ദൈംനദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. ഗണിതശേഷികൾ നേടുന്നു, ഗണിതം ആസ്വദിക്കാനുള്ള കഴിവ് നേടുക. കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് ശേഷി വികസിപ്പിക്കുക.

### നേട്ടങ്ങൾ

ഗണിതത്തെ താൽപര്യത്തോടെ സമീപിക്കാനും നിത്യജീവിതത്തിൽ ഗണിത പഠനം പ്രയോജനപ്പെടുത്താനും ഗണിതത്തിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നു. ഉപകരണ നിർമ്മാണത്തിനും അവ കൈകാര്യം ചെയ്യുന്നതിനും ശേഷി നേടുന്നു. വിവരസാങ്കേതിക വിദ്യ ഗണിത പഠനത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നു. ഗണിത സൗന്ദര്യം ആസ്വദിക്കുന്നു. ജ്യാമിതിയ പാറ്റേണുകൾ നിർമ്മിക്കുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ഗണിതശേഷി നേടുന്നതിനുള്ള കഴിവ് വളർത്തുക. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലാക്കുക. ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കുട്ടിയ്ക്ക് കഴിവുണ്ടാകുക. കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക.<br>ഗണിത മാഗസിൻ തയ്യാറാക്കുന്നു. | അബാക്കസ്, മഞ്ചാടിക്കുരു, പുളിങ്കുരു, കമ്പുകെട്ടുകൾ, സംഖ്യകാർഡ് തുടങ്ങിയവ ഉപയോഗിച്ച് സംഖ്യാബോധം ഉളവാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. സങ്കലന വസ്തുക്കൾ, ഗുണനവസ്തുക്കൾ ഉറപ്പിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സങ്കലനത്തിൽ നിന്നും ഹരണത്തിലേയ്ക്ക് എത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. ഗണിതലാബിന്റെ ഉപയോഗം, ക്ലോക്ക്, കലണ്ടർ, ഐ.റ്റി.സി സാധ്യതകൾ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം, വിവിധ രൂപങ്ങൾ നിർമ്മിക്കൽ, പ്രശ്ന നിർദ്ധാരണം ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. ഗണിതകഥ etc... | 10 മാസം | ഗണിത കിറ്റ്, ഗണിത മാസികകൾ, പസിലുകൾ, etc...<br>സി.ഡി.കൾ, ചാർട്ട് | B.R.C Trs പഞ്ചായത്ത് | H.M Trs A.E.O | 6000 |

# ശാസ്ത്രസാമൂഹിക ശാസ്ത്രപഠനം (പരിസരപഠനം)

## ആമുഖം

നമ്മുടെ ചുറ്റുപാടുമുള്ള പ്രദേശങ്ങൾ സസ്യ-ജന്തുജാലകങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, കൃഷി, സമൂഹം രാഷ്ട്രം എന്നിവയെക്കുറിച്ചെല്ലാം കുട്ടികളിൽ അറിവ് വളർത്തുന്നതിനും നല്ല പൗരന്മാരായി വളരുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നൽകി പരിശീലിപ്പിക്കുന്ന ശാസ്ത്രവിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കുന്നതിനും ഉന്നത നിലയിൽ എത്തുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ തയ്യാറാക്കി നടത്തുന്നു.

## ലക്ഷ്യങ്ങൾ

മുഴുവൻ കുട്ടികളെയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തുക ശാസ്ത്രബോധം വളർത്തുക, കൃഷി ഒരു സംസ്കാരമാക്കുക പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിയാക്കുക, വനസംരക്ഷണത്തിന്റെ ബാലപാഠങ്ങൾ മനസ്സിലാക്കുക, നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് (പഞ്ചായത്ത്, ബ്ലോക്ക്, ജില്ല, രാജ്യം) കൂടുതൽ അറിവ് നേടി മികച്ചവരാക്കുന്നു.

## നേട്ടങ്ങൾ

കുട്ടികളിൽ ശാസ്ത്രബോധം ഉണ്ടാക്കുന്നു. പ്രകൃതി സ്നേഹിയാവുകയും ജീവജാലങ്ങളെ സ്നേഹിക്കുന്നിനും പരിപാലിക്കുന്നതിനുള്ള മാനസികാവസ്ഥ കൈവരിക്കുന്നു. കൃഷിയോടുള്ള ആഭിമുഖ്യം  വളരുന്നു. രാജ്യത്തെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും കൂടുതൽ അറിവ് നേടുന്നു. അച്ചടക്കമുള്ളവരായി രാജ്യസ്നേഹികളായി മാറുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | സെമിനാർ, പരീക്ഷണം, കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക, ചുറ്റുപാടുമുള്ള ചരിത്രപ്രാധ്യാന്യമുള്ള പ്രദേശം കണ്ടെത്തുക. നാടിന്റെ സാംസ്ക്കാരിക പൈതൃകം അറിയുന്നതിന് കുട്ടികളെ സഹായിക്കുക. പ്രകൃതി വിഭവങ്ങളേയും അവയുടെ ഉപയോഗത്തെയും തിരിച്ചറിയുക. കൗതുകം, വിജ്ഞാനം, നിരീക്ഷണം എന്നിവയെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നു. ഔഷധസസ്യങ്ങളേയും അവയുടെ ഗുണങ്ങളേയും തിരിച്ചറിയുക. പരീക്ഷണങ്ങളിൽ ഏർപ്പെടുകയും പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുക. | പാഠപുസ്തകവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങളും പരീക്ഷണക്കുറിപ്പുകളും തയ്യാറാക്കുന്നു.<br>പ്രാദേശിക ഭൂപടം നിർമ്മിക്കുന്നു. ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ, സെമിനാറുകൾ, സർവ്വേ ശേഖരണം, ക്വിസ് മത്സരങ്ങൾ, മഹാത്മാരെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക. പ്രകൃതി പരിപാലനത്തിന് അവസരം നൽകുന്നു.<br>ക്ലബു പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. ചെറിയ ചെറിയ കൃഷികൾ ചെയ്യാനുള്ള അവസരം നൽകുന്നു. ശാസ്ത്രോത്സവും നടത്തുന്നു. വിവിധതരം മണ്ണുകൾ, കാലാവസ്ഥ രാജ്യങ്ങൾ, നാണയങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് വർക്ക്, പ്രമുഖരായ അഭിമുഖങ്ങൾ, ഔഷധലോകത്തെക്കുറിച്ചുള്ള അറിവുകൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | 3 വർഷം | വിവിധ പുസ്തകങ്ങൾ, സി.ഡി.കൾ, മാപ്പ്, ഗ്ലോബ്, പരീക്ഷണ ഉപകരണങ്ങൾ, ലാബ് | B.R.C പഞ്ചായത്ത് M.L.A | H.M Trs A.E.O B.R.C | 25000 |

## Social SCience

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ അവതരണം | ക്വിസ്, സ്കിറ്റ് ശേഖരണം, നാടകം, മോഡൽ നിർമ്മാണം, ഭൂപട നിർമ്മാണം | 8 മാസം | പുസ്തകങ്ങൾ, പത്രങ്ങൾ, ലൈബ്രറി I.T.C | B.R.C Trs കുട്ടികൾ P.T.A | H.M Trs A.E.O B.R.C | 16000 |
| | ആൽബം തയ്യാറാക്കൽ | തയ്യാറാക്കി അവതരിപ്പിക്കുന്നു | 2 മാസം | | | | |
| | ഭൂപട നിർമ്മാണം | പ്രാദേശിക ഭൂപട നിർമ്മാണം നടത്തുന്നു. ഭൂപട വായന നടത്തുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു. ഡയറി തയ്യാറാക്കുന്നു. | 6 മാസം | | | | |

മേഖല: 1

# വിദ്യാലയ വിഭവങ്ങൾ ലഭ്യത പരിയാപ്തത

## ലൈബ്രറി വികസനവും ഉപയോഗവും

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും പോരായ്മകൾ ഒന്നുമില്ലാതെ മികച്ച അറിവ് ലഭ്യമാക്കുന്നതിന് | കുട്ടികളുടെ വായനാശീലം വളർത്തുന്നതിനും കൂടുതൽ അറിവ് നേടുന്നതിനും വേണ്ടി ലൈബ്രറി ശരിയായ രീതിയിൽ ഉപയോഗിക്കുന്നു. ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ അവതരിപ്പിക്കുന്നു. പതിപ്പ് തയ്യാറാക്കുന്നു. | 6 മാസം | പുസ്തക വായനാശാല, ചാർട്ട് | P.T.A കുട്ടികൾ, വായനാശാല, പൂർവ്വ വിദ്യാർത്ഥികൾ | P.T.A Trs A.E.O B.R.C | 1000 |
| | വായനാശാലയുമായി ഒത്തു പ്രവർത്തിക്കുന്നു | സമീപത്തുള്ള ലൈബ്രറിയുമായി ഒത്തുചേർന്ന് പ്രവർത്തിച്ച് ബാലസാഹിത്യ കൃതികൾ വായിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്നു. | 6 മാസം | | | | |
| | പിറന്നാളിനൊരു പുസ്തകം | വായനാമൂല ക്രമീകരിച്ച് പിറന്നാൾ പുസ്തകങ്ങൾ ശേഖരിക്കുന്നു. ഇതര പുസ്കവായനയ്ക്ക് അവസരം ഒരുക്കുന്നു. കുറിപ്പുകൾ ശേഖരിച്ച് പതിപ്പാക്കി മാറ്റുന്നു. | | | | | |

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ഭവനസന്ദർശനം<br>കോർണർ പി.ടി.എ<br>ബോധവത്ക്കരണ ക്ലാസ്സുകൾ | | 8 മാസം | P.T.A അംഗങ്ങളുടെ വീടുകൾ, പുസ്തകങ്ങൾ | P.T.A Trs പഞ്ചായത്ത് വിദഗ്ധർ, കലാകാരന്മാർ | പഞ്ചായത്ത് P.T.A സമൂഹം | 10000 |

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ഭവനസന്ദർശനം<br>കോർണർ പി.ടി.എ<br><br>ബോധവത്ക്കരണ ക്ലാസ്സുകൾ | സ്കൂൾ എസ്.ആർ.ജി യിൽ പർച്ച ചെയ്ത് പ്രാദേശിക അടിസ്ഥാനത്തിൽ കോർണർ പി.റ്റി. എ കൂടുന്നു. ശനിയാഴ്ച ദിവസങ്ങളിലാണ് ഇതിനെ തെരഞ്ഞെടുക്കേണ്ടത്. പഞ്ചായത്ത് മെമ്പർ വാർഡ് മെമ്പർ എന്നിവരെ ഉൾപ്പെടുത്താം. കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകാം. ശില്പശാലകൾ നടത്താം ബോധവത്ക്കരണ ക്ലാസ്സുകൾ നടത്താം.<br>കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നടത്തുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ നടത്താം. കുട്ടികളുടെ പുരോഗതിയ്ക്ക് വേണ്ടിയുള്ള മികച്ച പരിശീലനങ്ങൾ രക്ഷിതാവിന്റെ സാമീപ്യത്തിൽ തന്നെ നൽകുവാൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | 8 മാസം | P.T.A അംഗങ്ങളുടെ വീടുകൾ, പുസ്തകങ്ങൾ | P.T.A പഞ്ചായത്ത് വിദഗ്ധർ കലാകാരന്മാർ | പഞ്ചായത്ത് P.T.A സമൂഹം | 10000 |

മേഖല : 1

## മികച്ച അടുക്കളയും ഊണുമുറിയും

കുട്ടികൾക്ക് സന്തോഷത്തോടെ ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യങ്ങളും പാത്രങ്ങളും നവീകരിച്ച അടുക്കളയും അനുബന്ധ സാമഗ്രികളും ഒരുക്കുക.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | അടുക്കള പാത്രങ്ങൾ ഉപകരണങ്ങൾ | കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഊണുമുറി ഇല്ല, അടുക്കള തീരെ ചെറുതും സൗകര്യങ്ങൾ കുറഞ്ഞതുമാണ്. ഇവ നവീകരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നു. മിക്സി, ടേബിൾ, പാത്രങ്ങൾ etc... | 1 വർഷം | അടുക്കള, പാത്രങ്ങൾ, അലമാര, ടേബിൾ, കസേര etc... | പഞ്ചായത്ത് M.P M.L.A B.R.C ജില്ലാ പഞ്ചായത്ത് | 100000 |
| | ശുചിത്വപരവും ആരോഗ്യപരമായ അന്തരീക്ഷമുള്ള ഭക്ഷണമുറി | ആധുനിക സൗകര്യമുള്ള അടുക്കളയും ഊണുമുറിയും ഒരുക്കേണ്ടത് ആവശ്യമാണ്. | | | | |

മേഖല : 1

## മികച്ച കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ

കായിക വിദ്യാഭ്യാസത്തിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിച്ച് കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയും കളിസ്ഥലം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | മാനേജ്മെന്റിന്റെ അനുവാദത്തോടെ കളിസ്ഥലം നവീകരിക്കുന്നു.<br><br>കായിക പരിശീലനത്തിനായി അദ്ധ്യാപകരെ നിയമിക്കുന്നു. | ഗ്രൗണ്ട് നവീകരിച്ച് കായികപരിശീലനം നൽകുന്നു. മികച്ചവരെ കണ്ടെത്തി ഉന്നത തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കുകയും പ്രാപ്തരാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു. | 4 വർഷം | ഗ്രൗണ്ട് നിർമ്മാണം<br>കായിക പരിശീലന ഉപകരണങ്ങൾ | മാനേജ്മെന്റ്<br>M.P<br>M.L.A<br>B.R.C<br>പഞ്ചായത്ത് | 500000 |

# സ്മാർട്ട് ക്ലാസ്സ്മുറികൾ

നിലവിലുള്ള ക്ലാസ്സ് മുറികൾ പരുപരുത്ത് പ്രതലമുള്ളത് പഴകിയ കസേരകളും സ്ക്രീനുകളുമാണ്. അത് ആകർഷകമാക്കുക. സീലിംഗ് തറച്ച് മനോഹരമാക്കുക.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | ക്ലാസ്സ് മുറി നവീകരണം | ടൈൽസ് ഇട്ട് വൃത്തിയാക്കുന്നു. മേൽക്കൂര സീലിംഗ് തറയ്ക്കുന്നു. ലൈറ്റ്, ഫാൻ എന്നിവയും പ്രൊജക്ട് റൂം, ലാപ്ടോപ് റൂമുമകളും ഒരുക്കിയ ക്ലാസ്സ് റൂം. | 4 വർഷം | സ്ക്കൂളിന്റെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങളും അതിനു വേണ്ട സാമഗ്രികളും | പഞ്ചായത്ത് M.P M.L.A S.S.A പഞ്ചായത്ത് | 1500000 |
| | ക്ലാസ്സ് മുറികളിൽ അലമാരകളും അനുബന്ധ സാമഗ്രികളും ഒരുക്കൽ<br>ശുചിത്വസുന്ദര ഇരിപ്പിടം | കുട്ടികളുടെ പഠനസാമഗ്രികളും ഉത്പ്പന്നങ്ങളും സൂക്ഷിക്കുന്നതിനുള്ള അലമാരകളും റാക്കുകളും ഒരുക്കണം<br>എല്ലാ കുട്ടികൾക്കും പ്രത്യേകം മേശയും കസേരയും അനുവദിക്കണം | 2 വർഷം | ഉപകരണങ്ങൾ | M.P M.L.A S.S.A പഞ്ചായത്ത് | 50000 |

# ജൈവവൈവിധ്യ ഉദ്യാനവും ജൈവകൃഷിയും

പൂന്തോട്ടങ്ങൾ മനസ്സിന് എപ്പോഴും കുളിർമ ഏകുന്ന ഒന്നാണ്. അതിനാൽ കുട്ടികൾതന്നെ ചെടികൾ ശേഖരിച്ച് നട്ടുനനച്ച് പരിപാലിച്ച് പൂക്കൾ ഉണ്ടായി കാണുമ്പോൾ ആത്മസംതൃപ്തി ഉണ്ടാകുന്നു. വിഷരഹിത പച്ചക്കറി ആരോഗ്യത്തിന് ഉത്തമമാണല്ലോ. കൃഷിയോടുള്ള താല്പര്യം കൂടുവാനും സാധിക്കുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | പൂന്തോട്ടനിർമ്മാണം, ഔഷധ തോട്ടനിർമ്മാണം | സ്ക്കൂൾ മുറ്റത്തും, പരിസരത്തും വിവിധ തരത്തിലുള്ള ചെടികളും ഔഷധതോട്ടങ്ങളും നിർമ്മിച്ച് പരിപാലിക്കുന്നു. | 1 വർഷം | ചെടികൾ, കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സസ്യങ്ങൾ | P.T.A കൃഷിഭവൻ കുട്ടികൾ | 25000 |
| | ജൈവകൃഷി | നാടൻ കൃഷികളിൽ കുട്ടികൾക്ക് അറിവുനേടുന്നതിനും വിഷരഹിതപച്ചക്കറി ഉപയോഗിക്കുന്നതിനും വേണ്ടി ചേന, ചേമ്പ്, വാഴ, ചീര, കപ്പ തുടങ്ങിയ കൃഷികൾ ചെയ്യുന്നു. വഴുതന, മുളക്, വെണ്ട എന്നിവ ഗ്രോബാഗിലും കൃഷി ചെയ്യുന്നു. | എല്ലാ വർഷവും | | | |

## മേഖല : 3

# പി.ടി.എ, കോർണർ പി.ടി.എ, ഭവനസന്ദർശനം

- കുട്ടികളുടെ പശ്ചാത്തലം മനസ്സിലാക്കുന്നതിന് പി.ടി.എ അനിവാര്യമാണ്.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | അദ്ധ്യാപകർക്ക് കുട്ടികളുടെ കുടുംബ പശ്ചാത്തലവും ജീവിതസാഹചര്യവും മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് സഹായിക്കുന്നു. കുട്ടികളുടെ പഠനനേട്ടങ്ങളും പ്രശ്നങ്ങളും രക്ഷിതാവിനേയും സമൂഹത്തെയും നേരിട്ട് അറിയിക്കുന്നു. കുട്ടികളുടെ കഴിവ് പ്രദർശിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു. പൊതു വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കുന്നു. വിദ്യാലയം മികവിന്റെ പാതയിലേക്ക് കുതിക്കുന്നു. | എല്ലാ മാസവും പി.ടി.എ കൂടുന്നു. എസ്.എം.സി... പി.ടി.എ എന്നിവ ആവശ്യാനുസരണം കൂടുകയും രക്ഷിതാക്കളുമായി ചർച്ച നടത്തി, പാഠ്യപാഠ്യേതര കാര്യങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്യുന്നു.<br>കോർണർ പി.ടി.എ കൊണ്ട് കുട്ടികളുടെ വീട്ടിലെ പശ്ചാത്തലം മനസ്സിലാക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്യുന്നു.<br>സമൂഹത്തിന്റെ ഇടപെടലുകൾ മൂലം കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നു. കുട്ടികളുടെ കലാപരിപാടികൾ, മികവ് പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകി മെച്ചപ്പെട്ടവയെ അനുമോദിക്കുകയും ചെയ്യുന്നു. | 1 വർഷം | കുട്ടികളുടെ ഭവനങ്ങൾ | P.T.A സമൂഹം ടീച്ചേഴ്സ്, കുട്ടികൾ, B.R.C C.R.C | 20000 |

മേഖല:2

## ദിനാചരണങ്ങൾ

ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും അറിവ് നേടുന്നതിനുംവേണ്ടിയാണ് നാം ദിനാചരണങ്ങൾ സ്ക്കൂളുകളിൽ ആചരിക്കുന്നത്.

### പ്രവർത്തനം

ജൂൺമാസത്തിൽ പ്രവേശനോത്സവം, പരിസ്ഥിതിദിനം, ബാലവേലവിരുദ്ധദിനം, വായനാദിനം എന്നിവയും, ജൂലൈ മാസത്തിൽ ലോകജനസംഖ്യദിനം, ചാന്ദ്രദിനം എന്നിവയും, ഓഗസ്റ്റ് മാസത്തിൽ സ്വാതന്ത്ര്യദിനം, കർഷകദിനം, തിരുവോണം, നാട്ടറിവ് ദിനം എന്നിവയും സെപ്റ്റംബർ മാസത്തിൽ അദ്ധ്യാപകദിനം, സാക്ഷരതദിനം, ലോകസമാധാന ദിനം എന്നിവയും ഒക്ടോബർ മാസത്തിൽ ഗാന്ധിജയന്തി ദിനം, വിജയദശമി ദിനം, ഐക്യരാഷ്ട്രദിനം, ലോകബധിരദിനം എന്നിവയും നവംബർ മാസം കേരളപ്പിറവി ദിനം, ശിശുദിനം, മാതൃദിനം എന്നിവയും ഡിസംബർ മാസത്തിൽ എയ്ഡ്സ് ദിനം, വികലാംഗദിനം, മനുഷ്യാവകാശദിനം, ക്രിസ്തുമസ് എന്നിവയും ജനുവരിമാസം പുതുവത്സരദിനം, മന്നംജയന്തി, റിപ്പബ്ലിക്ക് ദിനം, രക്തസാക്ഷിദിനം എന്നിവയും ഫെബ്രുവരി മാസം ലോക സ്കൗട്ട്ദിനം, മന്നംസമാധിദിനം എന്നിവയും മാർച്ച്മാസം വനിതാദിനം, സ്ക്കൂൾ വാർഷിക ദിനം എന്നിവയും ആഘോഷിപ്പിക്കുകയും ചെയ്യുന്നു.

### നേട്ടങ്ങൾ

സ്ക്കൂളും കുട്ടികളും മേൻമയിലേയ്ക്കുള്ള ഓരോ പടികളും കയറുന്നു.

## മേഖല : 3

# പൊതുവിജ്ഞാനം

കുട്ടികളുടെ പൊതുവിജ്ഞാപനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നതിന് പരിപോഷിപ്പിക്കുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | ആവശ്യമായ പരിശീലനങ്ങൾ നൽകുന്നു. ക്വിസ് മത്സരം നടത്തുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.<br>(B.R.C, CRC) തലങ്ങളിൽ നടത്തുന്ന മത്സരങ്ങൾ ക്ലബ് പ്രവർത്തനങ്ങൾ നടത്തുന്നു. പൊതുവിജ്ഞാന ബുക്ക് സൂക്ഷിക്കുന്നു. | സാഹിത്യകാരന്മാരും കൃതികളും, കേരളചരിത്രം, സ്വാതന്ത്ര്യസമരം പ്രധാന കണ്ടുപിടിത്തങ്ങൾ ചരിത്രപ്രധാനമായ സംഭവങ്ങൾ ശാസ്ത്രവിഷയങ്ങൾ, ആനുകാലിക വിഷയങ്ങൾ പൊതുവായ എല്ലാ വിഷയങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. സ്കൂൾ പ്രവർത്തന സമയത്തിനു മുമ്പ് ഇടവേളകളിലും ഇതിനു അവസരം നൽകുന്നു. | 10 മാസം | പുസ്തകങ്ങൾ, പത്രങ്ങൾ, മാസികകൾ, C.D കൾ ITC സാധ്യതകൾ | T.rs<br>P.T.A<br>S.S.A<br>Rtd.<br>Trs | A.E.O<br>Tr.S<br>B.R.C<br>C.R.C<br>P.T.A | 5000 |

# മേഖല : 4

## പിന്തുണ പ്രവർത്തനം

പഠനത്തിൽ മികവ് പുലർത്താതെ കുട്ടികളെ കണ്ടെത്തി അവരുടെ പോരായ്മകൾ കണ്ടെത്തി ആവശ്യമായ പരിഹാര പ്രവർത്തനങ്ങൾ നൽകി മികച്ചവരാക്കി മാറ്റുന്നു.

| Sl. No | Programme | Activity | Duration | ഭൗതികം | പിന്തുണ | വിലയിരുത്തൽ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | പഠന പാഠ്യേതര മികവുകൾ വർദ്ധിപ്പിച്ച് സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പഠനത്തിൽ മികവ് പുലർത്താത്ത കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനത്തിലൂടെ മികച്ചവരാക്കി മാറ്റുന്നു. | പ്രി-ടെസ്റ്റ് നടത്തുന്നു. പോരായ്മകൾ കണ്ടെത്തുന്നു. പ്രത്യേക സമയം കണ്ടെത്തി പരിശീലനം നൽകുന്നു. (കേട്ടെഴുത്ത്, വായനാ, മണലെഴുത്ത്, ഉറക്കെ വായന എന്നിവയെല്ലാം ക്ലാസ്സിലെ മികച്ച നിലവാരം പുലർത്തുന്ന കുട്ടികളുടെ സഹായത്തോടെ ചെയ്യുന്നു. തുടർപ്രവർത്തനമായി ഇതരവർക്കുകൾ നൽകി വരുന്നു. ആവശ്യമായ ഇടപെടലുകൾ അധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. | 10 മാസം | പുസ്തകങ്ങൾ, ചാർട്ട്, മാസികകൾ, ബാലപ്രസിദ്ധീകരണങ്ങൾ etc........ | കുട്ടികൾ T.rs P.T.A | Tr.S P.T.A | 1000 |

## മേഖല : 5

## സർഗ്ഗശേഷി വികാസം

കുട്ടികളുടെ കലാപരമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും, മികച്ചവരെ കണ്ടെത്തി കൂടുതൽ ഉന്നതങ്ങളിൽ എത്തുന്നതിനു വേണ്ടി ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | സർഗ്ഗോത്സവം | കുട്ടികളെകൊണ്ട് കഥകളും കവിതകളും ചൊല്ലിക്കുന്നു. സ്വന്തമായി എഴുതുവാനുള്ള അവസരം കൊടുക്കുന്നു. വിഷയങ്ങൾ നൽകി കഥയും കവിതയും ചിത്രങ്ങളും രചിപ്പിക്കുന്നു. മികച്ചവ കണ്ടെത്തുന്നു. പ്രസംഗം, കവിതാപാരായണം, വിവിധ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. ബി.ആർ.സി., സി.ആർ.സി ജില്ല, ഉപജില്ല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. സ്കൂൾ വാർഷികത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. അനുമോദിക്കുന്നു. | 10 മാസം | പുസ്തകങ്ങൾ, കലാകാരന്മാരെ പരിചയപ്പെടുന്നു, ആനുകാലിക പ്രസിദ്ധീകരണങ്ങൾ CD... | കുട്ടികൾ, പുസ്തകങ്ങൾ P.T.A S.S.A Tr.S | 1000 |

### നേട്ടങ്ങൾ

കുട്ടികളുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു. മികച്ചവരെ കണ്ടെത്തി കൂടുതൽ ഉയരങ്ങളിൽ എത്തിക്കാനുള്ള അവസരം ഉണ്ടാകുന്നു. കുട്ടികളിൽ ആത്മവിശ്വാസം ഉള്ളവരായി മാറുന്നു. സ്കൂളിന്റെ യശസ്സ് ഉയരുകയും കൂടുതൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നു.

## മേഖല : 5

## ഉപമേഖല : വിദ്യാലയ ആസൂത്രണം

വിദ്യാലയത്തിലെ മുഴുവൻ അദ്ധ്യാപകരെയും റിസോഴ്സ് പേഴ്സൺമാരായി മാറ്റുക. കുട്ടികൾക്ക് രസകരമായ നൂതന പഠന പ്രവർത്തനങ്ങൾ അദ്ധ്യാപകർ ഗവേഷണാത്മകമായി കണ്ടെത്തുക വഴി അക്കാദമിക മികവ് ഉണ്ടാക്കുക. ഭൗതികവും അക്കാദമികവുമായ മെച്ചപ്പെടുത്തതിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക ഇങ്ങനെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള ആസൂത്രണം ചെയ്യുന്നു.

### പ്രവർത്തനങ്ങൾ

കഴിയുന്നത്ര എസ്.ആർ.ജി യോഗങ്ങൾ നടത്തി കുട്ടികളുടെ പഠനപ്രവർത്തനങ്ങളും അക്കാദമിക പ്രശ്നങ്ങളും ചർച്ച ചെയ്ത് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അവതരിപ്പിക്കുക. എല്ലാം അദ്ധ്യാപകരും വിവിധ പരിശീലനങ്ങളിൽ പങ്കെടുത്ത് വിദ്യാലയ പ്രവർത്തനങ്ങളെ പങ്കുവെയ്ക്കുന്നു. റേഡിയോ പ്രക്ഷേപണം ഇടവേളകളിൽ കുട്ടികൾക്ക് കേൾക്കാനുള്ള അവസരം ഒരുക്കുന്നു. ആഘോഷങ്ങളിലും ദിനാചരണങ്ങളിലും പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, സമീപവാസികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്താൻ പരമാവധി ശ്രദ്ധിക്കുന്നു.

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം

| Si No | Programme | Activity | Duration | ഭൗതികം | പിന്തുണ | പ്രതീക്ഷിക്കുന്ന തുക |
|---|---|---|---|---|---|---|
| | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പരിശീലനം | അക്ഷരങ്ങൾ ഉറപ്പിക്കൽ ചെറുവാചകങ്ങളും വാക്കുകളും എഴുതിപ്പിക്കൽ ചിത്രം വരപ്പിക്കൽ അടിക്കുറിപ്പ് എഴുതൽ etc... ചിത്രകഥാപുസ്തകങ്ങൾ വായിപ്പിക്കാൻ | 1 വർഷം | പുസ്തകങ്ങൾ ചാർട്ട് സിഡി കഥ | കുട്ടികൾ, B.R.C | 3000 |

# ദിനാചരണങ്ങൾ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ദിനം ബാലവേലവിരുദ്ധദിനം വായനാദിനം | ജൂൺ | എച്ച്.എം. പി.റ്റി. എ | പുസ്തകം | |
| ലോകജനസംഖ്യാ ദിനം ചന്ദ്രദിനം | ജൂലൈ | " | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | |
| ഹിരോഷിമ നാഗസാക്കി ദിനം<br>സ്വാതന്ത്ര്യദിനം, കർഷകദിനം<br>ഓണാഘോഷം,<br>ലോകനാട്ടറിവ് ദിനം<br>പ്രവർത്തിപരിചയ ദിനം | ആഗസ്റ്റ് | "<br>" | ചിത്രങ്ങൾ | |
| അദ്ധ്യാപകദിനം<br>ലോകസാക്ഷരതാദിനം<br>ലോകസമാധാന ദിനം | സെപ്തംബർ | " | | |
| ഗാന്ധിജയന്തി<br>വിജയദശമി<br>സംസ്ഥാന കായികദിനം<br>ഐക്യരാഷ്ട്ര സഭാദിനം<br>ലോക ബധിര ദിനം | ഒക്ടോബർ | " | | |
| കേരളപ്പിറവി ദിനം<br>ശിശുദിനം<br>മാതൃദിനം | നവംബർ | " | | |
| ലോക എയ്ഡ്സ് ദിനം<br>വികലാംഗദിനം<br>മനുഷ്യാവകാശ ദിനം<br>ക്രിസ്മസ് | ഡിസംബർ | " | | |
| പുതുവത്സര ദിനം<br>റിപ്പബ്ലിക് ദിനം, രക്തസാക്ഷിദിനം | ജനുവരി | " | | |
| റിപ്പബ്ലിക് ദിനം, രക്തസാക്ഷിദിനം<br>ലോക സകൗട്ട് ദിനം<br>വനിതാദിനം | ഫെബ്രുവരി<br>മാർച്ച് | " | | |

| സ്ക്കൂൾതല പ്രവർത്തനങ്ങൾ കാലയളവ് തിരിച്ച് | | |
|---|---|---|
| ഹ്രസ്വകാലം | മദ്ധ്യകാലം | ദീർഘകാലം |
| കൈയെഴുത്ത് മാസിക | പിന്നോക്കക്കാർക്ക് പ്രത്യേകപരിശീലനം | ജൈവവൈവിധ്യപാർക്ക് |
| അക്കാദമിക കലണ്ടർ | ഭാഷാപഠനം | (ജൈവകൃഷി ഔഷധസസ്യത്തോട്ടം) |
| പതിപ്പുകൾ | ഗണിതപഠനം, പരിസരപഠനം | ലാംപ്, ലൈബ്രറി പ്രവർത്തനം |
| ശുചിത്വം | (ശാസ്ത്രസാമൂഹ്യ, ശാസ്ത്രപഠനം) | സ്മാർട്ട് ക്ലാസ്സ് മുറികൾ. |
| ദിനാചരണം | പഠനോപകരണ നിർമ്മാണം | അടുക്കളയും, ഊണുമുറിയും |
| പി.ടി.എ, എസ്.എം.സി | ഭവനസന്ദർശനം | അനുബന്ധ ഉപകരണങ്ങളും |
| കോർണർ പി.റ്റി.എ | ബോധവത്ക്കരണ ക്ലാസ്സുകൾ | IED കുട്ടികൾക്ക് പരിശീലനം |
| സർഗ്ഗോത്സവം | റമഡിയൽ ടീച്ചിംഗ് | ICT സൗകര്യം |
| ഭക്ഷ്യമേള | പൊതുവിജ്ഞാനം | കായികവിദ്യാഭ്യാസം |
| ശില്പശാല | ഫർണിച്ചറുകൾ | ടാലന്റ് ലാബ് |
| പഠനയാത്ര | | കളിസ്ഥലം |
| മികവുത്സവം | | സ്ക്കൂൾ ബസ് |
| വാർഷികാഘോഷം | | |

മേഖല 5

## പ്രാദേശീയ വിഭവങ്ങളും വൈദഗ്ധ്യങ്ങളും

കുട്ടികളുടെ പാഠഭാഗവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, നാടൻകളികൾ, കളി ഉപകരണങ്ങൾ, കൈവേലകൾ, എന്നിവയുടെ നേരനുഭവങ്ങൾ കുട്ടിക്ക് ലഭിക്കാനുള്ള സാഹചര്യം ഒരുങ്ങുന്നു.

**ലക്ഷ്യങ്ങൾ**

പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനും പ്രാദേശികവിദഗ്ദരുടെ സേവനവും ഇടപെടലും കൊണ്ട് അക്കാദമികപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നു.

**പ്രവർത്തനങ്ങൾ**

നാടൻ കാലാരൂപങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. കോട്ടാങ്ങൽ പടയണി കാണാൻ അവസരം ഒരുക്കുന്നു. മണിമലയിൽ ഉള്ള ഫോക്ക്ലോർ അക്കാദമി സന്ദർശിക്കുന്നു. നാടൻ പാട്ടുകൾ ശേഖരിക്കുന്നു. അവ അവതരിപ്പിക്കുന്നു. നാടൻ വീട്ടുപകരണങ്ങളുടെ പ്രദർശനം സ്കൂളിൽ നടത്തുന്നു. നാടൻ ഭക്ഷ്യമേള നടത്തുന്നു. കുരുത്തോലകളും, പനയോലകളും, പാളകളും ഉപയോഗിച്ചുള്ള കൈവേലകൾ പരിചയപ്പെടുത്തുന്നു. നാടൻ പൂക്കളും നാടൻ കളിക്കോപ്പുകളും പരിചയപ്പെടുത്തുന്നു.

**നേട്ടങ്ങൾ**

പഴമയുടെ നന്മ കുട്ടികൾ തിരിച്ചറിഞ്ഞു. പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ചതു വഴി പഠനനേട്ടങ്ങൾ ഉറപ്പായി. നാട് മുഴുവൻ വിദ്യാലയപ്രവർത്തനങ്ങിൽ ഇടപെടുന്നു.

മേഖല 6

## ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷിവികസനം

ഭിന്നശേഷിയുള്ള കുട്ടികൾ നേരിടുന്ന പരിമിതികളും വെല്ലുവിളികളും പരിഗണിച്ച് മുന്നേറുവാനുള്ള പഠനബോധതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

ലക്ഷ്യങ്ങൾ

ഭിന്നശേഷി വിദ്യാർത്ഥികളുടെ ശാരീരിക പഠനപരിമിതികളെ മറികടന്ന് മുന്നേറുവാൻ പ്രാപ്തരാക്കുന്നു. അവരുടെ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുന്നു. പാഠ്യപാഠ്യേതര കാര്യങ്ങളിൽ അവർക്കും അവസരം ഉറപ്പാക്കുന്നു.

പ്രവർത്തനങ്ങൾ

ഇങ്ങനെയുള്ള കുട്ടികൾക്ക് ഐ.സി.റ്റി മേഖല പ്രയോജനപ്പെടുത്തി അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ചിത്രങ്ങൾ കാണിച്ച് ചെറുവാക്കുകളും വാചകങ്ങളും പറയിപ്പിക്കുന്നു. കഥകളും കവിതകളും ചിത്രക്കഥാപുസ്തകങ്ങളും പരിചയപ്പെടുത്തുന്നു.

നേട്ടങ്ങൾ

എല്ലാ കുട്ടികൾക്കും ഏതെങ്കിലും ഒരു വിഭാഗത്തിൽ കഴിവുണ്ടെന്നും ആ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് അവനെ സമൂഹത്തിൽ മാന്യമായിത്തന്നെ ജീവിക്കുവാനുള്ള അവസരം നൽകുകയും പ്രാപ്തരാക്കുകയും ചെയ്യുന്നു.

മേഖല 6

## ബോധവത്ക്കരണ ക്ലാസ്സ്

കുട്ടികളെ മദ്യം മയക്കുമരുന്ന് എന്നിവയുടെ പിടിയിൽപ്പെടാതെ പോകുന്നതിന് ആവശ്യമായിട്ടുള്ള ബോധവത്ക്കരണ ക്ലാസ്സുകളും സുരക്ഷ ക്രമീകരണങ്ങളും ഒരുക്കുന്നു. പേടി കൂടാതെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും സമൂഹത്തിൽ ഇറങ്ങിച്ചെന്ന് പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് ആവശ്യമായ ശേഷി ഉറപ്പിക്കുന്നു.

ലക്ഷ്യങ്ങൾ

ലഹരി മരുന്ന് വയ്ക്കുന്ന പ്രശ്നം സാമൂഹിക സാഹചര്യങ്ങളെ അവ നിർമ്മിക്കുന്ന ഒരവസ്ഥ സൃഷ്ടിക്കപ്പെടുന്നു. അത് ഇല്ലാതാക്കുക ലഹരിപദാർത്ഥങ്ങൾ വരുത്തിവയ്ക്കുന്ന മാരകപ്രശ്നങ്ങൾക്ക് ബോധവത്ക്കരണത്തോടെ പരിഹാരം കാണുക.

പ്രവർത്തനങ്ങൾ

കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തുന്നു. കുട്ടികളെക്കൊണ്ട് ലഘുരേഖകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. നോട്ടീസ് അച്ചടിപ്പിച്ച് മദ്യം, മയക്കുരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു. സുരക്ഷ ക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു.

നേട്ടങ്ങൾ

കുറേപ്പേരെയെങ്കിലും ലഹരി ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കാൻ സാധിക്കുന്നു. കുട്ടികൾ ലഹരി ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നു.

മോഖല: 7

# ജനപ്രതിനിധികളുടെ നേതൃത്വം വിദ്യാഭ്യാസ വികസനത്തിന്

## പൊതുവിദ്യാലയ സംരക്ഷണം

വിദ്യാലയം ആ നാടിന്റെ പൊതുസ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ആ നാട്ടിലെ ഓരോ പൗരന്റെയും ചുമതലയാണെന്നും ഓരോരുത്തരെയും ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

## ലക്ഷ്യങ്ങൾ

ആ പ്രദേശത്തെ മുഴുവൻ കുട്ടികളെയും പൊതുവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുക ഗുണമേന്മയുള്ള വിദ്യാഭ്യാസവും അടിസ്ഥാന സൗകര്യങ്ങളും നൽകുക. വിദ്യാലയ വികസനത്തിൽ ജനപ്രതിനിധികളുടെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക. പൊതുവിദ്യാലയങ്ങൾ നാടിന്റെ സ്വത്താണെന്ന ബോധം ജനമനസ്സിൽ ഉണ്ടാക്കുക.

## പ്രവർത്തനം

സ്കൂളുകളുമായി ബന്ധപ്പെട്ട എല്ലാവരെയും പങ്കെടുപ്പിച്ച് ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ചർച്ചകൾ നടത്തി ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

## നേട്ടങ്ങൾ

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുന്നു. പഠനോപകരണങ്ങൾ മറ്റ് സഹായങ്ങളും ലഭിക്കുന്നതോടെ മികച്ച വിദ്യാഭ്യാസവും കുട്ടികൾക്ക് ലഭ്യമാകുന്നു.

മേഖല: 7

# പഠനോത്സവം

സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളെയും കോർത്തിണക്കിക്കൊണ്ടുള്ള പ്രവർത്തനമാണ് മികവുത്സവം നടത്തുന്നത്. ജനപ്രതിനിധികളും രക്ഷകർത്താക്കൾ, സമീപവാസികൾ എന്നിവരെല്ലാം ഇതിൽ ഉൾപ്പെടുത്തുന്നു.

## പ്രവർത്തനങ്ങൾ

സ്കൂളിലെ മികച്ച പ്രവർത്തനങ്ങളെല്ലാം ക്രോഡീകരിച്ച് സ്കൂൾ വാർഷികത്തിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെ കലാപരിപാടികൾക്കൊപ്പം തന്നെ സി.ഡി., ഫോട്ടോ മുതലായവയുടെ സഹായത്തോടെ സ്കൂളിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും മറ്റുള്ളവർക്കായി കാഴ്ചവെയ്ക്കുന്നു.

നേട്ടം

. സ്കൂളിന്റെ മികച്ച പ്രകടനങ്ങൾ മറ്റുള്ളവർക്ക് കണ്ട് ബോധ്യപ്പെടുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തുന്നു. കുട്ടികളുടെ കലാവാസനകളും ഇതര കഴിവുകളും നാട്ടുകാർക്ക് കണ്ട് ആസ്വദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുന്നതിനും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കുന്നു. പൊതുവിദ്യാലയം മികവിന്റെ കേന്ദ്രങ്ങളായി മാറുന്നത് ജനങ്ങൾ നേരിട്ടറിയുകയും അനുഭവിക്കുകയും ചെയ്യുന്നു.

## ടാലന്റ് ലാബ്

കുട്ടികളുടെ പാഠ്യ പാഠ്യേതരകാര്യങ്ങളിൽ കൂടുതൽ മികവ് പുലർത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ☐ കൈയ്യക്ഷരം നന്നാക്കുന്നു.<br><br>☐ ചിത്രരചനകൾ<br><br>☐ ഫാബ്രിക് പെയിന്റ്<br><br>☐ തയ്യൽ പരിശീലനം<br><br>☐ വെജ്. പെയിന്റിങ്<br><br>☐ കളിമണ്ണ് ഉപയോഗിച്ച് വസ്തുക്കൾ നിർമ്മാണം<br><br>☐ പാഴ് വസ്തുക്കളിൽ നിന്ന് കൗതുക വസ്തുക്കൾ നിർമ്മാണം<br><br>☐ പ്രസംഗം, നാടൻ പാട്ട്, ക്വിസ് പ്രോഗ്രാം എന്നിവയ്ക്ക് പ്രത്യേക പരിശീലനം. | പകർത്തെഴുത്ത്, മണലെഴുത്ത് എന്നിവനടത്തുന്നു. രചനാ മത്സരങ്ങൾക്ക് പരിശീലനം നൽകുന്നു.<br><br>അത്യാവശ്യം കൈ തയ്യലുകൾ പരിശീലിപ്പിക്കുന്നു. താല്പര്യമുള്ള വർക്ക് എംബ്രോയിഡറി വർക്കും പരിശീലിപ്പിക്കുന്നു.<br>പാഴ് വസ്തുക്കളിൽ നിന്നും കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു.<br><br>ക്ലബ്ബുകളുടെ സഹായത്തോടെ ഇവയ്ക്ക് പരിശീലനം നൽകുന്നു. | 6 മാസം<br><br>8 മാസം<br><br>6 മാസം<br><br>1 വർഷം | വിവിധ വസ്തുക്കൾ | പിന്തുണ പി.റ്റി.എ പരിശീലനം സിദ്ധിച്ചവർ | 25000/- |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പൊതുവിദ്യാലയ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തി മികവിലേക്ക് പോകുന്ന സാഹചര്യത്തിൽ ഓരോ സ്കൂളുകളും തങ്ങളുടേതായ പ്രവർത്തനങ്ങൾ കണ്ടെത്തി വേണ്ടത്ര ചർച്ച ചെയ്ത് ആസൂത്രണം ചെയ്ത ഒന്നാണ് മാസ്റ്റർ പ്ലാൻ. വിദ്യാഭ്യാസഗുണതയും തുല്യതയും എന്ന പൊതു പ്രമേയത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സഹായകമായിട്ടുള്ളഅനുഭവങ്ങളും ആശയങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്ലാനാണിത്.

എല്ലാ വിദ്യാലയങ്ങളും പൊതുവിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയും മികച്ചവരായി മാറട്ടെ എന്ന പ്രത്യാശയോടെ നമുക്ക് ഒത്തുചേർന്ന് പ്രവർത്തിക്കാം. പൊതുവിദ്യാലയം നാടിന്റെ സമ്പത്താണ് എന്ന് മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.